HON'BLE MR. A. ATCHUTHAN : അതു് ഒരു പ്രത്യേക ചോദ്യമായി ചോദിച്ചാൽ മറുപടിപറയുന്നതാണു്.

MR. ABDUL AZIZ : ഉപയോഗത്തിലല്ലാത്ത സാധനങ്ങൾ എന്തു ചെയ്യാനാണു് ഗവണ്മെൻറുദ്ദേശിക്കുന്നതു്.

HON'ALE MR A. ATCHUTHAN : വളരെക്കുറച്ചു ഉപയോഗിക്കാത്തതായുള്ളതു്. അതും ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടു്.

MR. ABDUL AZIZ : ൫൦,൦൦,൦൦൦ രൂപ മുടക്കിയിട്ടു് അതു മുഴുവനും നഷ്ടംവന്നു എന്നാണോ ധരിക്കേണ്ടതു് ?

HON'BLE MR. A. ATCHUTHAN : ഉപയോഗശൂന്യമല്ല. പാർട്ടർ ലഭിക്കാത്തതുകൊണ്ടു വർക്ക് ചെയ്യുന്നില്ലന്നേയുള്ളൂ. കൂടുതൽ പാർട്ടർ കിട്ടിത്തുടങ്ങിയാൽ ഇവയും വർക്ക് ചെയ്യുന്നതാണു്.

MR. JOSEPH MALIECKAL (*Thodupuzha I—General*) : ഈ യന്ത്രസാമഗ്രികൾ എന്തിനു വേണ്ടിയാണു് വരുത്തിയതു്.

HON'BLE MR. A ATCHUTHAN : ഇപ്പോഴുള്ള വർക്ക്ഷാപ്പിൻെറ ആവശ്യത്തിനാണു് അവ വരുത്തിയിട്ടുള്ളതു്.

കൊല്ലം–ആലപ്പുഴ ലൈനിലെ പാലങ്ങൾ.

43. MR. A. MOHAMMED MUSTAFA : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) കൊല്ലം-ആലപ്പുഴ ലൈനിലെ ബസ്സുയാത്രക്കാർ പാലങ്ങൾമൂലം ഏതു സ്ഥലങ്ങളിൽ ഇറങ്ങേണ്ടിവരുന്നുവെന്നു ഗവണ്മെൻറിനു അറിയാമോ?

(ബി) ഈ പതിവു് എത്ര കാലമായി തുടർന്നുവരുന്നുവെന്നു് ഗവണ്മെൻറു് അന്വേഷിച്ചിട്ടുണ്ടോ?

(സി) പാലങ്ങൾ ശരിപ്പെടുത്താൻ എന്തെങ്കിലും കർശനനടപടി എടുത്തിട്ടുണ്ടോ?

HON'BLE MR. A. ATCHUTHAN : (എ) അറിയാം. മൂന്നു സ്ഥലത്തു് ഇറങ്ങിക്കയറണം.

(ബി) അതു ചവറയിലും, കണ്ണേറിലും, തോട്ടപ്പള്ളിയിലുമാണു്. ചവറയിലും കണ്ണേറിലും വു കൊല്ലവും, തോട്ടപ്പള്ളിയിൽ ഒരു കൊല്ലവും ആയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(c) Yes, necesisary action for strengthening the Thottappally bridge and reconstructing the Chavara and Kannettil bridges is being taken.

MR. MOHAMMED MUSTAFA : എത്രകാലത്തിനകം ഈ പാലങ്ങൾ ശരിയാക്കാൻ സാധിക്കുമെന്ന് പറയാമോ?

HON'BLE MR. A. ATCHUTHAN : ഈ ആണ്ടിൽതന്നെ ശരിയാക്കാമെന്നാണ് ഉദ്ദേശിക്കുന്നത്.

MR. T. A. ABDULLA (*Ambalapuzha I—Muslim Reserved*): ഈ പാലങ്ങളിൽകൂടി ലോറികൾ പോകുന്നതായി അറിവുണ്ടോ?

HON'BLE MR. A. ATCHUTHAN : ലോഡുചെയ്ത ലോറികൾ പോകുന്നതായി അറിവില്ല.

MR. K. RAMAKRISHNA PILLAI (*Ambalapuzha I—General*) : എട്ട് കൊല്ലമായി ഈ പാലങ്ങൾ അപകടാവസ്ഥയിൽ ഇരിക്കുകയാണെന്ന് പറഞ്ഞു. അത് എപ്പോൾ ശരിപ്പെടുത്താമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നത്?

HON'BLE MR. A. ATCHUTHAN : അതിനു കൃത്യമായ മറുപടി പറയാൻ നിവൃത്തിയില്ല. കഴിയുന്നതും വേഗം ശരിയാക്കുന്നതാണ്.

MR. T. A. ABDULLA : അടുത്തകൊല്ലത്തെ ബഡ്ജറിൽ ഇതിലേക്ക് തുക കൊള്ളിച്ചിട്ടുണ്ടോ?

MR. P. T. CHACKO (*Kottayam III—General*): തോട്ടപ്പള്ളിപ്പുലം ശാസ്ത്രീയമായി കൂഞ്ഞിവച്ച തടികൊണ്ടുണ്ടാക്കിയ ഒരു പാലമാണെന്നറിയാമോ?

HON'BLE MR. A. ATCHUTHAN : തടികൊണ്ടുണ്ടാക്കിയതാണെന്നറിയാം.

MR. P. T. CHACKO : അത് എത്രകാലം നിൽക്കുമെന്നായിരുന്നു ഗവണ്മെൻറിന്റെ പ്രതീക്ഷ?

HON'BLE MR. A. ATCHUTHAN : അത് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. P. T. CHACKO: ഇപ്പോഴത്തെ തടികൊണ്ടുള്ള പാലത്തിന് അസ്സ്യൂറൻസ് ചെയ്യാറുണ്ടോ?

HON'BLE MR. A. ATCHUTHAN : ഇപ്പോൾ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. MOHAMMED MUSTAFA : ചരക്കുകയറ്റിയ ലാറികൾക്ക് ഈ വഴി പോകുന്നതിൽ വലിയ വൈഷമ്യങ്ങൾ ഉണ്ടെന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. A. ATCHUTHAN : വൈഷമ്യങ്ങൾ ഉണ്ടാകാൻ ഇടയുണ്ട്.

MR. A. ABDUL AZIZ : ഇതുവരെകാലം ബ്രിഡ്ജ് അൺസേഫ് എന്ന ബോർഡ് വയ്ക്കുന്നതിനു എത്ര ചെലവായിട്ടുണ്ട്?

HON'BLE MR. A. ATCHUTHAN : നോട്ടീസുവേണം.

MR. PANDAVATHU SANKARA PILLAI (*Karhtikapalli III—General*) : തോട്ടപ്പള്ളിപ്പാലത്തിന്റെ തകരാറു് എന്താണെന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. A. ATCHUTHAN : അതു് ഉപയോഗത്തിനു് സുരക്ഷിതമല്ലെന്നറിയാം.

MR. P. T. CHACKO: ആ പാലം പണിഞ്ഞ അന്നുതന്നെ താഴെ പോയതായി അറിയാമോ?

MR. T. A. ABDULLA : സർ, എന്റെ ചോദ്യത്തിനു് മറുപടികിട്ടിയില്ല.

MR. PRESIDENT : ഓർഡർ, ഓർഡർ. മെംബറന്മാർ കുറേക്കൂടി നിയന്ത്രണം പാലിക്കണമെന്നാണ് എനിക്കു പറയാനുള്ളതു്. ഒരേ സമയത്തുതന്നെ പലരും ചോദ്യങ്ങൾ ചോദിക്കുകയാണെങ്കിൽ ഒന്നിനും ഉത്തരം പറയുക സാദ്ധ്യമല്ലെന്നുവരും.

MR. K. RAMACHANDRAN : ബഹുമാനപ്പെട്ടമന്ത്രി തോട്ടപ്പള്ളിപ്പാലംനേരിട്ടു പരിശോധിച്ചിട്ടുണ്ടോ?

MR. K RAMAKRISHNA PILLAI :ബഹുമാനപ്പെട്ട മന്ത്രി ആ പാലം കണ്ടിട്ടുണ്ടോ?

HON'BLE MR. A. ATCHUHAN : കണ്ടിട്ടുണ്ട്.

MR. T. A. ABDULLA ഈ പാലം ബഹുമാനപ്പെട്ടമന്ത്രിയുടെ നിയോജകമണ്ഡലത്തിലല്ലേ?

HON'BLE MR. A. ATCHUTHAN : ആ ചോദ്യം ഇപ്പോൾ ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly